നം. ഇ.എക്സ്/ബിബി(3)/8912/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം
തീയതി : 04/09/2012.

# സർക്കുലർ

**വിഷയം :- പൊ.വി.വ- ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടികളുടെ പേര്, ജാതി, മതം, ജനനത്തീയതി തുടങ്ങിയ രേഖപ്പെടുത്തലുകളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അധികാരം അതാത് സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് നൽകിയത് - സംബന്ധിച്ച്.**

**സൂചന :- (1) സർക്കാർ ഉത്തരവ് (P) No. 38/2012/GEdn. തീയതി 07.02.2012**

**(2) ഈ ഓഫീസിലെ ഇതേ കത്ത് നമ്പർ തീയതി 25/04/201.**

**(3) കേരള ഗസറ്റ് വിജ്ഞാപനം തീയതി 16/02/2012.**

16.02.2012 ലെ വാല്യം 57 നമ്പർ 323 അസാധാരണ ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധീകരിക്കപ്പെട്ട സർക്കാർ ഉത്തരവ് (P) No. 38/2012/GEdn. തീയതി 07.02.2012 പ്രകാരം I മുതൽ X വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പേര്, ജനനത്തീയതി, ജാതി, മതം, മാതാപിതാക്കളുടെ പേര്, മേൽവിലാസം, ജനനസ്ഥലം എന്നിവയുടെ തിരുത്തലുകൾ വരുത്തുന്നതിനുള്ള അധികാരം അതാത് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

പരീക്ഷാഭവന്റെ website (www.keralapareekshabhavan.in) ൽ ഇതിനായി നൽകിയിരിക്കുന്ന അപേക്ഷാപോറം പൂരിപ്പിച്ച് ജനനത്തീയതി തിരുത്തുന്നതിലേയ്ക്കായി 500/- രൂപ ചെലാൻ (ഹെഡ് ഓഫ് അക്കൗണ്ട് 0202-01-102-92 other receipts) അടച്ച് (SC/ST കുട്ടികൾ ഒഴികെ) അപേക്ഷയുടേയും ജനനസർട്ടിഫിക്കറ്റിന്റെയും ആവശ്യമെങ്കിൽ വില്ലേജ് ആഫീസറുടെ സാക്ഷ്യപത്ത്രിന്റെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ട് സ്കൂൾ രജിസ്റ്ററിൽ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ (AEO/DEO/DDE/Pareekshabhavan ഉദ്യോഗസ്ഥർ തുടങ്ങിയവർ) പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

സൂചന (1) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജനനത്തീയതിയും മറ്റു തിരുത്തലുകളും വരുത്തുന്നതിന് സമർപ്പിക്കുന്ന അപേക്ഷാഫോറം, തിരുത്തുന്നതിനുള്ള ഹെഡ്മാസ്റ്ററുടെ ഉത്തരവിന്റെ ഫോർമാറ്റ് എന്നിവ പരീക്ഷാഭവന്റെ website-ൽ നിന്നും download ചെയ്ത് എടുക്കേണ്ടതാണ്.

വിദ്യാർത്ഥിയുടെ ജനനസർട്ടിഫിക്കറ്റിൽ നിന്ന് വ്യത്യസ്തമായി പേര്, ജാതി, മതം, മാതാപിതാക്കളുടെ പേര്, മേൽവിലാസം, ജനനസ്ഥലം തുടങ്ങിയ വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനായി ഹെഡ്മാസ്റ്റർമാർ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് രക്ഷിതാക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് നിയമാനുസൃതമായി വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്റ്റേറ്റ് സിലബസ്സിൽ പഠിച്ച് ICSE/CBSE സിലബസിലേയ്ക്ക് മാറിപ്പോയ കുട്ടികളുടെ വിവരങ്ങൾ സ്കൂൾ രജിസ്റ്ററിൽ പിന്നീട് തിരുത്തേണ്ടതായി വന്നാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ കുട്ടിയുടെ രക്ഷിതാക്കളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ആയത്

നിയമാനുസൃതമാണെങ്കിൽ അതിൻമേൽ ഉത്തരവ് നൽകാവുന്നതും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർ അഡ്മിഷൻ രജിസ്റ്ററിൽ ഭേദഗതി വരുത്തേണ്ടതുമാണ്. (GO(MS) No. 226/10/പൊ.വി.വ. തീയതി 08/11/2010). ഇതിന് ശേഷം ഉത്തരവിന്റെ പകർപ്പും റിവൈസ്ഡ് TC യും തുടർനടപടിക്ക് വിദ്യാർത്ഥി മാറിപ്പോയ സ്കൂളിലേയ്ക്ക് നൽകേണ്ടതാണ്.

പത്താംതരം പൂർത്തിയാക്കാതെ സ്കൂളിൽ നിന്നും പഠനം നിർത്തിപ്പോയ കുട്ടിയുടെ ജനനത്തീയതി തിരുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട AEO/DEO -മാർക്കായിരിക്കും പത്താംതരം സർട്ടിഫിക്കറ്റ് ലഭിച്ച കുട്ടിയുടെ ജനനത്തീയതി ഉൾപ്പെടെയുള്ള തിരുത്തലുകൾ മാത്രമാണ് പരീക്ഷാഭവനിൽ നടത്തുന്നത്. GO(P) No. 215/2009/പൊ.വി.വ തീയതി 06/11/2009.

ഡി.ഇ.ഒ/എ.ഇ.ഒ/ഹെഡ്മാസ്റ്റർമാരുടെ ഉത്തരവനുസരിച്ച് ബന്ധപ്പെട്ട സ്കൂൾ അഡ്മിഷൻ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തി ഉത്തരവ് ബന്ധപ്പെട്ട പേജിൽത്തന്നെ രേഖപ്പെടുത്തുകയും, ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ ഉത്തരവിന്റെ പകർപ്പ് നിർബന്ധമായും അഡ്മിഷൻ രജിസ്റ്ററിൽ ഒട്ടിച്ചു വയ്ക്കേണ്ടതുമാണ്. ടി സി മുഖാന്തിരം മറ്റ് സ്കൂളിൽ നിന്നും വന്ന കുട്ടിയാണെങ്കിൽ പ്രസ്തുത സ്കൂളിലേയ്ക്ക് ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതുമാണ്.

പ്രവേശനഫോറം, ടി.സി, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ശേഷം ഒറിജിനൽ തിരികെ നൽകേണ്ടതും അറ്റസ്റ്റഡ് കോപ്പികൾ ബന്ധപ്പെട്ട കുട്ടിയുടെ സ്കൂൾ പ്രവേശന അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്. രേഖകൾ സ്കൂളിൽ ഭദ്രമായി സൂക്ഷിക്കേണ്ടതും സ്കൂൾ വാർഷിക പരിശോധനയിൽ DEO/AEOമാർ ഇവകൾ പരിശോധിച്ച് അഡ്മിഷൻ രജിസ്റ്റർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത തിരുത്തലുകൾ വരുത്തിയതിനുശേഷവും അശ്രദ്ധമൂലം പത്താം ക്ലാസ്സിലെ കുട്ടികളുടെ A list-ൽ തെറ്റായ വിവരങ്ങൾ നൽകുന്ന പക്ഷം ഹെഡ്മാസ്റ്റർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും ഫൈൻ ഈടാക്കുന്നതും ആയിരിക്കും.

തിരുത്തലുകൾ വരുത്തുന്നതിനായി പത്താംതരം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരുടെ അപേക്ഷ പരീക്ഷഭാവനിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുമ്പോൾ കവറിംഗ് ലറ്റർ ഉൾപ്പെടുത്തി വേണം അയയ്ക്കാൻ. പ്രസ്തുത കത്തിൽ എന്തൊക്കെ തിരുത്തലുകളാണ് ആവശ്യപ്പെടുന്നതെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. മാത്രമല്ല അപേക്ഷയിൽ പ്രഥമാദ്ധ്യാപകൻ ഒപ്പ് രേഖപ്പെടുത്തുകയും ചെയ്തിരിക്കണം. അപേക്ഷ സ്കൂൾ രേഖയുമായി ഒത്തുനോക്കി അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പാക്കിയിരിക്കണം.

**(ഒപ്പ്)**

**ജോയിന്റ് കമ്മീഷണർ**